തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

## എം. എ. പ്രവേശന പരീക്ഷ - 2023

# വികസനപഠനവും തദ്ദേശവികസനവും

കോഴ്സ് കോഡ് **MUE23LDS - 07**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കുക.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കുക, പരീക്ഷ എഴുത്തിൽ മറ്റുള്ളവരെ സഹായിക്കുക, നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക തുടങ്ങിയുള്ള എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. റോൾനമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉത്തരക്കടലാസിൽ ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷ എഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

സമയം: 1 മണിക്കൂർ | മാർക്ക് 50

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

**(01 x 25= 25)**

1. ചോദന നിയമമനുസരിച്ച്
   a) വില കൂടുമ്പോൾ ചോദനം കൂടുന്നു
   b) ചോദനം കൂടുമ്പോൾ വില കൂടുന്നു
   c) വരുമാനം കൂടുമ്പോൾ ചോദനം കൂടുന്നു
   d) വില കൂടുമ്പോൾ ചോദനം കുറയുന്നു

2. GDP യുടെ പൂർണ്ണ രൂപം?
   a) General Development Plan
   b) Gross Domestic Product
   c) Gross Domestic Price
   d) Government Debt Ratio

3. സിന്ധു നദീതട സംസ്കാരം വളർന്നുവന്നത് ഇന്നത്തെ ഏത് രാജ്യത്തിലാണ്?
   a) ഇന്ത്യ
   b) പാക്കിസ്ഥാൻ
   c) ബംഗ്ലാദേശ്
   d) അഫ്ഗാനിസ്ഥാൻ

4. മൗര്യ സാമ്രാജ്യത്തിന്റെ സ്ഥാപകൻ ആര്?
   a) അശോകൻ
   b) ചന്ദ്രഗുപ്ത മൗര്യൻ
   c) ഹർഷൻ
   d) അക്ബർ

5. ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിതമായ വർഷം?
   a) 1885
   b) 1857
   c) 1905
   d) 1947

6. മഹാത്മാഗാന്ധി നയിച്ച ദണ്ഡിസമരം എന്തിനെതിരെയായിരുന്നു?
   a) ബ്രിട്ടീഷ് വിദ്യാഭ്യാസനയം
   b) ഉപ്പിന് ഏർപ്പെടുത്തിയ നികുതി
   c) ഭൂനികുതി
   d) വർഗ്ഗ വിവേചനം

7. നിർഭയ സെൽ സ്റ്റേറ്റ് ലെവൽ കോർഡിനേഷൻ കമ്മിറ്റിയുടെ ചെയർമാൻ ആരാണ്?
   a) മുഖ്യമന്ത്രി
   b) ആരോഗ്യമന്ത്രി
   c) സാമൂഹ്യക്ഷേമമന്ത്രി
   d) ചീഫ് സെക്രട്ടറി

8. ലോക പരിസ്ഥിതി ദിനം?
   a) ജൂൺ 5
   b) ജൂൺ 8
   c) ജനുവരി 26
   d) ജൂലൈ 5

9. കുടുംബശ്രീ മിഷന്റെ പ്രധാന ലക്ഷ്യം?
   a) ദാരിദ്ര്യ നിർമ്മാർജ്ജനം
   b) ശാക്തീകരണ ക്ലാസുകൾ സംഘടിപ്പിക്കൽ
   c) സ്ത്രീകളുടെ കൂട്ടായ്മ
   d) സ്വയംതൊഴിൽ നിർമ്മാണം

10. 1991 -ലെ പുതിയ സാമ്പത്തിക നയം കൊണ്ടുവന്ന ധനകാര്യമന്ത്രി?
    a) നരസിംഹറാവു
    b) പ്രൊഫ. മൻമോഹൻ സിംഗ്
    c) ഡോ. തോമസ് ഐസക്
    d) രാജീവ് ഗാന്ധി

11. 2018-ൽ കേരളത്തിൽ നിപ്പ പൊട്ടിപ്പുറപ്പെട്ട ജില്ല?
    a) കോട്ടയം
    b) തിരുവനന്തപുരം
    c) കോഴിക്കോട്
    d) ആലപ്പുഴ

12. KIIFB യുടെ പൂർണ്ണ രൂപം?
    a) Kerala Infrastructure Investment Fund Board
    b) Kerala Instrument for Infrastructure Fund Board
    c) Kerala Industrial Instrument Forum of Books
    d) ഇതൊന്നുമല്ല

13. സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതെയാക്കുക എന്ന ലക്ഷ്യത്തോടെ രൂപകല്പന ചെയ്ത പദ്ധതി?
a) ആർദ്രം
b) കുടുംബശ്രീ
c) ലൈഫ് മിഷൻ
d) ഇതൊന്നുമല്ല

14. കേരള സംസ്ഥാനത്ത് അംഗപരിമിതർക്ക് ആരോഗ്യ ഇൻഷൂറൻസ് നൽകുന്ന പദ്ധതി?
a) മാതൃജ്യോതി
b) ആർദ്രം മിഷൻ
c) നിരാമയ പദ്ധതി
d) ഇതൊന്നുമല്ല

15. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി?
a) സഹായഹസ്തം
b) വിധവാ സഹായം
c) അഭയകിരണം
d) ഇതൊന്നുമല്ല

16. 'കാതോർത്ത്' പദ്ധതി ആരുടെ ക്ഷേമത്തെ മുൻനിർത്തിയാണ്?
a) സ്ത്രീകൾ
b) വിധവകൾ
c) പ്രായമായവർ
d) ട്രാൻസ്ജൻഡർ

17. ആദ്യത്തെ ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ?
a) ഇ.എം.എസ്
b) അച്യുതാനന്ദൻ
c) പട്ടം താണുപിള്ള
d) ഇവരൊന്നുമല്ല

18. താഴെപ്പറയുന്നവയിൽ മെറിറ്റ് ചരക്കുകൾക്കുള്ള ഉദാഹരണം?
a) ദേശീയ പ്രതിരോധം
b) സബ്സിഡിയോട് കൂടിയ അരി
c) പി.ഡബ്ല്യു.ഡി നിർമ്മിച്ച പാലം
d) ഇവയൊന്നുമല്ല

19. കേരള വികസന മാതൃക എന്നാൽ?
a) ഉയർന്ന സാമ്പത്തിക വളർച്ചയും ഉയർന്ന മാനവ വികസന സൂചികകളും
b) ഉയർന്ന മാനവവികസന സൂചികകളും താഴ്ന്ന സാമ്പത്തിക വളർച്ചയും
c) താഴ്ന്ന സാമ്പത്തിക വളർച്ചയും താഴ്ന്ന സാമൂഹ വികസന സൂചികകളും
d) ഉയർന്ന സാമ്പത്തിക വളർച്ചയും താഴ്ന്ന മാനവ വികസന സൂചികകളും

20. Poverty and Un-British Rule in India ആരുടെ രചനയാണ്?
a) മഹാത്മാഗാന്ധി
b) ജവഹർലാൽ നെഹ്റു
c) ദാദാഭായ് നവറോജി
d) ബാലഗംഗാധര തിലക്

21. $c = a + by$ എന്ന സമവാക്യത്തിൽ ആശ്രിത ചരം ഏത്?
a) c
b) a
c) b
d) y

22. എൻകൗണ്ടറിംഗ് ഡവലപ്മെന്റ് എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?
a) ആർത്രോ എസ്കോബാർ
b) മഹാത്മാഗാന്ധി
c) അമർത്യസെൻ
d) നരേന്ദ്രമോഡി

23 സുസ്ഥിര വികസനലക്ഷ്യങ്ങളിൽ ഉൾപ്പെടാത്തതേത്?
a) മാന്യമായ തൊഴിലും സാമ്പത്തികവളർച്ചയും
b) അസമത്വ ലഘൂകരണം
c) ദാരിദ്ര്യ നിർമ്മാർജ്ജനം
d) ഇവയെല്ലാം ഉൾപ്പെടുന്നു

24. അമർത്യാസെന്നിന്റെ ശ്രദ്ധേയമായ രചനകളിലൊന്നാണ്?
a) ഡെവലപ്മെന്റ് ആസ് ഫ്രീഡം
b) ദ എൻഡ് ഓഫ് പോവർട്ടി
c) പുവർ ഇക്കണോമിക്സ് എ റാഡിക്കൽ തിങ്കിങ്ങ്
d) ബാങ്കർ ടു ദ പുവർ

25. മാനവവികസന സൂചികയിൽ ഉൾപ്പെടാത്ത ഘടകമാണ്?

a) ആരോഗ്യം
b) വിദ്യാഭ്യാസം
c) വരുമാനം
d) പാരസ്ഥിതിക സുസ്ഥിരത

**II. താഴെ പറയുന്നവയിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ കുറിപ്പെഴുതുക** **(5 x5= 25)**

26. ജനാധിപത്യ ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ?

27. ഇന്ത്യൻ രാഷ്ട്രീയവും സ്ത്രീ പ്രാതിനിധ്യവും എന്ന ശീർഷകത്തിൽ കുറിപ്പ് തയ്യാറാക്കുക.

28 വികസനവും വളർച്ചയും തമ്മിലുള്ള വ്യത്യാസം എന്ത്?

29 ഹരിതവിപ്ലവം ഇന്ത്യയുടെ ഭക്ഷ്യ സ്വയം പര്യാപ്തതക്ക് കാരണമായി -ഈ പ്രസ്താവനയെ വിലയിരുത്തുക?

30. കേരളം ഒരു രോഗാതുരത കൂടിയ സംസ്ഥാനമാണ് -എന്തുകൊണ്ട്?

31. കേരളത്തിൽ തൊഴിലില്ലായ്മ രൂക്ഷമാണെങ്കിലും വേതന നിരക്കിൽ കുറവുണ്ടാകുന്നില്ല -സാമ്പത്തികശാസ്ത്ര സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കുക.

32. ട്രാൻസ്ജൻഡർ വിഭാഗത്തിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്യുക.

33. ബ്രിട്ടീഷുകാരുടെ ഭരണത്തെ തുടർന്ന് ഇന്ത്യക്കുണ്ടായ സാമൂഹികവും സാമ്പത്തികവുമായ പ്രശ്നം ചർച്ചചെയ്യുക?

-- -- --